ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ് - 695 033

ഇ-മെയിൽ: secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

No. KLS/5323/2026-KLAMPS(PS) A3 Vol XI

15.10.2026
തിരുവനന്തപുരം

## താത്പര്യപത്രം ക്ഷണിക്കുന്നു

കേരളനിയമസഭയുടെ ആഭിമുഖ്യത്തിൽ **2026 നവംബർ 3, 4** തീയതികളിൽ കേരളനിയമസഭാ സമുച്ചയത്തിൽവച്ച് നടത്തുന്ന **പാർലമെന്റിലെയും സംസ്ഥാന നിയമസഭകളിലെയും/കേന്ദ്രഭരണ പ്രദേശങ്ങളിലെയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (PAC) ചെയർപേഴ്സൺമാരുടെ സംയുക്ത സമ്മേളനത്തോടനുബന്ധിച്ച്**, ക്ഷണിക്കപ്പെട്ട അതിഥികൾക്കും മറ്റ് വിശിഷ്ട വ്യക്തികളും ഉൾപ്പെടെയുള്ളവർക്കായി ഭക്ഷണക്രമീകരണങ്ങൾ (ഉച്ചഭക്ഷണം, അത്താഴം, ലഘുഭക്ഷണം, പാനീയങ്ങൾ) ഏർപ്പെടുത്തുന്നതിന് യോഗ്യതയും പ്രവൃത്തിപരിചയവുമുള്ള **ഔട്ട്ഡോർ കാറ്ററിംഗ് ഏജന്റുമാരിൽ**നിന്നും **(Outdoor Catering Agent - OCA)** താത്പര്യപത്രം (Expression of Interest) ക്ഷണിക്കുന്നു.

താത്പര്യപത്രം സമർപ്പിക്കുന്നവരിൽ നിന്നും യോഗ്യരായ OCA/ വെൻഡർമാരുടെ ഒരു ഷോർട്ട് ലിസ്റ്റ് തയ്യാറാക്കുവാനും തുടർന്ന് അവരിൽനിന്നും ഒരു OCA/വെൻഡറെ കണ്ടെത്തുവാനും ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ നടപടിക്രമം.

---

## പ്രവൃത്തിയുടെ പ്രധാന വിവരണം (Scope of Work):

1. **ലഘുഭക്ഷണവും പാനീയങ്ങളും:** 2026 നവംബർ 03, 04 തീയതികളിൽ രാവിലെയും വൈകുന്നേരവും സമ്മേളന ഹാളിന് (ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ച്) പുറത്ത് ആവശ്യത്തിന് സ്റ്റാളുകൾ സജ്ജീകരിച്ച് ലഘുഭക്ഷണവും പാനീയങ്ങളും വിതരണം ചെയ്യൽ.
2. **ഉച്ചഭക്ഷണവും അത്താഴവും:** 2026 നവംബർ 03, 04 തീയതികളിൽ അസംബ്ലി ബ്ലോക്കിലെ ഡൈനിംഗ് ഹാളിൽ വച്ച് ഉച്ചഭക്ഷണവും (Lunch), 2026 നവംബർ 03-ന് അത്താഴവും (Dinner) ഒരുക്കൽ.

3. വെജിറ്റേറിയൻ, നോൺ-വെജിറ്റേറിയൻ എന്നിങ്ങനെ വേർതിരിച്ച് നിശ്ചിത ഡൈനിംഗ് ക്രമീകരണങ്ങളോടെയുള്ള കാറ്ററിംഗ് സേവനം ഉറപ്പാക്കൽ.

4. ലഘു ഭക്ഷണത്തിനും ഉച്ചഭക്ഷണത്തിനും അത്താഴത്തിനും വേണ്ടതായ മേശ, കസേര, വൃത്തിയുള്ള വിരിപ്പുകൾ തുടങ്ങിയവ ഏർപ്പാടാക്കൽ.

5. പരിപാടിയുമായി ബന്ധപ്പെട്ട ഭക്ഷണമാലിന്യങ്ങളും, മറ്റ് പാഴ് വസ്തുക്കളും നിയമസഭാ സമുച്ചയത്തിൽനിന്നും സമയബന്ധിതമായി നീക്കം ചെയ്യൽ.

**യോഗ്യതാ മാനദണ്ഡങ്ങളും നിബന്ധനകളും:**

- താത്പര്യപത്രം സമർപ്പിക്കുന്നവർക്ക് സമാന സ്വഭാവമുള്ള മെഗാ ഇവന്റുകൾ നടത്തി മുൻപരിചയം ഉണ്ടായിരിക്കണം.
- തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനം ഭക്ഷണത്തിന്റെ Menu, വിതരണ സമയം, ചെലവ് എന്നിവ ഫുഡ് കമ്മിറ്റിയുമായി ചർച്ച ചെയ്ത് അന്തിമമാക്കേണ്ടതാണ്.
- അധിക ക്രമീകരണങ്ങൾ ആവശ്യമുള്ളപക്ഷം (ഇനങ്ങളുടെ 20% വരെ) പരിപാടിയ്ക്ക് തടസ്സമുണ്ടാകാതെ സമയബന്ധിതമായി ഏർപ്പെടുത്തുവാൻ സാധിക്കണം.
- പരിപാടിയുടെ ഭംഗിയായ നടത്തിപ്പിന് ആവശ്യമായ ജീവനക്കാരെ (Skilled and Unskilled) സമയബന്ധിതമായി ലഭ്യമാക്കുവാനും, മികച്ച ഗുണനിലവാരമുള്ള സേവനം ഉറപ്പാക്കുവാനും ശേഷിയുണ്ടായിരിക്കണം
- കാര്യക്ഷമമായ ഭക്ഷണ മാലിന്യ നിർമാർജ്ജനത്തിന് സന്നദ്ധരായിരിക്കണം.

**സമർപ്പിക്കേണ്ട വിധവും തീയതിയും:**

താത്പര്യമുള്ള ഏജന്റ് /സ്ഥാപനങ്ങൾ തങ്ങളുടെ വിശദാംശങ്ങൾ , പ്രവൃത്തിപരിചയ രേഖകൾ, ജി.എസ്.റ്റി രജിസ്ട്രേഷൻ, ഭക്ഷ്യസുരക്ഷാ ലൈസൻസ്, മുമ്പ് നടത്തിയ സമാന പ്രവൃത്തികളുടെ വിശദാംശങ്ങൾ , ക്വാട്ട് ചെയ്യുന്ന തുക , സമ്മേളനം പൂർത്തിയാകുന്ന മുറയ്ക്ക് സ്റ്റാളുകൾ പൊളിച്ചുമാറ്റുന്നതും ഭക്ഷണ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതും സംബന്ധിച്ച വിശദമായ വിവരങ്ങൾ ഉൾപ്പെടുത്തിയ താത്പര്യപത്രം 22.10.2026 വൈകുന്നേരം 3:00 മണിക്ക് മുൻപായി **വി. ജി. റിള്ള , ജോയിന്റ് സെക്രട്ടറി I & കൺവീനർ, ഫുഡ് കമ്മിറ്റി, റൂം നമ്പർ 830, നാലാം നില, അസംബ്ലി ബ്ലോക്ക്, കേരളനിയമസഭ സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം – 695033 (ഫോൺ – 0471 – 2512191, 94470 00011)** എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

ലഭ്യമാകുന്ന താത്പര്യപത്രങ്ങൾ സ്വീകരിക്കുന്നതിനോ യാതൊരു കാരണവും വ്യക്തമാക്കാതെ നിരസിക്കുന്നതിനോ നിയമസഭാ സെക്രട്ടറിക്ക് അധികാരം

ഉണ്ടായിരിക്കുന്നതാണ്. താത്പര്യപത്രം സമർപ്പിച്ച വ്യക്തികൾ /സ്ഥാപനങ്ങൾ നിയമസഭാ സെക്രട്ടറിയേറ്റിൽ നിന്നും അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് കൂടിക്കാഴ്ചയ്ക്ക് ഹാജരാകേണ്ടതും തദവസരത്തിൽ പ്രസ്തുത പ്രവർത്തികളുടെ/ ക്രമീകരണങ്ങളുടെ മുഴുവൻ വിശദാംശങ്ങളും രേഖകളുടെ അസ്സലും ലഭ്യമാക്കേണ്ടതുമാണ്.

റിജു വി. ജി.,
ജോയിന്റ് സെക്രട്ടറി I & കൺവീനർ, ഫുഡ് കമ്മിറ്റി,
പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമെൻസ് കോൺഫറൻസ്,
കേരളനിയമസഭാ സെക്രട്ടേറിയറ്റ്